**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.558**
**10.03.2015 ലെ മറുപടിക്ക്**
**ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾ**

| **ചോദ്യം.**<br>**ശ്രീമതി. കെ.കെ. ലതിക** | | **ഉത്തരം.**<br>**ശ്രീ. കെ.എം. മാണി (ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി )** |
|---|---|---|
| (എ) | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | മഹിളപ്രധാൻ, എസ്.എ.എസ് ഏജന്റുമാർ മുഖേന നടത്തി വരുന്ന നിക്ഷേപ സമാഹരണമാണ്, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് നടത്തി വരുന്ന പ്രധാന പ്രവർത്തനം. ഇതിന് പുറമെ ഏജന്റുമാർക്ക് പ്രതിഫലം നല്കുന്നതിന്റെ ഭാഗമായി സർക്കാറിന്റെ വിവിധ വികസന ക്ഷേമ പദ്ധതികൾ പൊതു ജനങ്ങളിൽ എത്തിക്കുന്നതിനുള്ള ദൗത്യം കൂടി ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ മുഖേന ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ തസ്തിക തിരിച്ചും ജില്ല തിരിച്ചുമുള്ള എണ്ണം വ്യക്തമാക്കുമോ ; | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ജീവനക്കാരുടെ തസ്തിക തിരിച്ചും ജില്ല തിരിച്ചുമുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ തലത്തിൽ നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**